(*b*) and (*c*) Some managers have complained about these.

VICE-CHANCELLOR

***240.** [62] **Sri. N. V. Chacko:** Will the Hon'ble Minister for Education be pleased to state:

The reasons for the resignation of the Vice-Chancellor of the University—Sri. Nandan Menon?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

Government have not been informed.

ശമ്പളവ്യത്യാസം

൨൪൧. (൩൯) ശ്രീ. എസ്സ്. കുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ വിഭാഗത്തിൽ സാനിട്ടറി ഇൻസ്പെക്ടർ ഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യത എന്തു?

(ബി) കൊച്ചിയിൽ അതേ ഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യത എന്തു;

(സി) കൊച്ചി വിഭാഗത്തിൽ മെഡിക്കൽ ഡിപ്പാർട്ട്മെന്റിലുള്ള നഴ്സിംഗ് സിസ്റ്ററിന്റെ ശമ്പളം എന്തു;

(ഡി) അതേ ഉദ്യോഗത്തിൽ തിരുവിതാംകൂറിലെ ശമ്പളം എന്തു;

(ഇ) കൊച്ചിയിൽ സാനിട്ടറി ഇൻസ്പെക്ടർമാരുടെ ശമ്പളം എന്തു;

(എഫ്) അതേ ഉദ്യോഗത്തിനു തിരുവിതാംകൂറിലെ ശമ്പളം എന്തു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജാൻ):

(എ) സാനിട്ടറി ഇൻസ്പെക്ടേഴ്സ് ടെസ്റ്റ്, Madras or Bombay or L. M. P.

(B) S. S. L. C. or any higher qualification with Sanitary Inspector's Certificate of Madras or Bombay (Madras always preferred).

(സി) Rs. ൩൦—൪—൫൦൦ (സ്ഥിരം തസ്തികയിൽ).

(ഡി) Rs. ൩൦, ൪൦, ൪൦, ൫൦ എന്നിപ്രകാരം Honoraria നൽകിവരുന്നു.

(ഇ) Rs. ൩൦—൪—൫൦൦.

(എഫ്) ക. I Grade ൪൪—൪—൬൪.

ഖ. II Grade ൩൦—൩—൪൪.

സാനിട്ടറി ഇൻസ്പെക്ടറന്മാർ

*൨൪൨. (൩൪) ശ്രീ. എസ്സ്. കുട്ടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ പബ്ലിക്ഹെൽത്ത് ഡിപ്പാർട്ട്മെന്റിലുള്ള സാനിട്ടറി ഇൻസ്പെക്ടറന്മാരേയും സാനിട്ടറി അസിസ്റ്റൻറുമാരേയും കൂട്ടിച്ചേർത്ത് ഒരു കേഡറാക്കുവാനും സാനിട്ടറി ഇൻസ്പെക്ടർ ഉദ്യോഗം നിർത്തലാക്കുവാനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) സാനിട്ടറി അസിസ്റ്റാണ്ട് ഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ പരീക്ഷായോഗ്യത എന്തു;

LIBRARY ARCHIVES Kerala Legislative Assembly

(സി) സാനിട്ടറി ഇൻസ്പെക്ടർ ഉദ്യോഗത്തിനും സാനിട്ടറി അസിസ്റ്റണ്ട് ഉദ്യോഗത്തിനും നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യത വ്യത്യസ്ഥമാകയാൽ ഈ ഉദ്യോഗങ്ങൾക്കും ഒരേ കേഡറാക്കുന്നതിൽ സാനിട്ടറി ഉദ്യോഗസ്ഥന്മാർക്ക് പരാതി ഉള്ളതായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉണ്ട്.

(ബി) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽനിന്നും നടത്തുന്ന വാക്സിനേഷനും, സാനിട്ടറിയും ടെസ്റ്റ്.

(സി) ഉണ്ട്.

ഗ്രേഡേഷൻ ലിസ്റ്റ്

*൨൪൩. (നം ൬) ശ്രീ. എസ്സ്. കുട്ടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പബ്ലിക്ക് ഹെൽത്ത് ഡയറക്ടരുടെ ശുപാർശപ്രകാരം ഗവണ്മെന്റ് സ്റ്റാഫിന്റെ സീനിയാർട്ടി നിശ്ചയിക്കുന്നതിനു ഒരു ഗ്രേഡേഷൻ ആഫീസറെ നിയമിച്ചു ഗ്രേഡേഷൻ ലിസ്റ്റ് തയാറാക്കിട്ടുണ്ടോ;

(ബി) ആ ലിസ്റ്റ് തയാറാക്കിയിട്ട് എത്ര കാലമായി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി:(ശ്രീ. എ. ജോൺ): (എ) ഉണ്ട്.

(ബി) ഒരു വർഷത്തിൽ കൂടുതലായി.

പബ്ലിക്ക ഹെൽത്ത്

*൨൪൪. (നം ൩൩) ശ്രീ. എസ്സ്. കുട്ടൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പബ്ലിക്ക ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽനിശ്ചിത പരീക്ഷായോഗ്യതകളുള്ളവരും ദീർഘകാലം സർവ്വീസുള്ളവരുമായ സ്റ്റാഫിന്റെ സീനിയാറിട്ടിയെ അവഗണിച്ച് മലേറിയാ നിവാരണജോലികൾക്ക ചില സാനിട്ടറി അസിസ്റ്റണ്ടുമാർക്ക് പ്രമോഷൻ കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു എത്ര തസ്തികയിൽ അടിസ്ഥാനപ്പെടുത്തിയാണ്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ എ. ജെ. ജോൺ):

൧൯൫൬-നും ൧൯൫൯-നും ഇടയ്ക്കു ചില നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മലേറിയ രോഗനിവാരണ സ്റ്റാഫ് താല്ക്കാലികമായി നിയമിക്കപ്പെട്ടിരുന്നതാകയാലും കാര്യക്ഷമതയെ പുരസ്കരിച്ചുമായിരിക്കണം ഈ നിയമങ്ങൾ നടത്തിയതു.

മന്ത്രിമാരുടെ സഞ്ചാരച്ചിലവ്

*൨൪൫. (നം ൭൨) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മന്ത്രിമാരുടെ സഞ്ചാരത്തിനു എല്ലാഇനത്തിലുംകൂടി എത്ര രൂപ ചിലവു വന്നിട്ടുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

൧൭,൭ ൭ ൦൯. ൨൩. ൫൦ സ. ചിലവായിട്ടുണ്ട്.

വില്ലന നികുതി

*൨൪൬. (നം ൫൪) ശ്രീ. ടി. എസ്സ്. ബസ്സു: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly